## പതിമൂന്നാം കേരളനിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.338 08.02.2016 ന് മറുപടിയ്ക്ക്.

### കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) കല്പറ്റ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി ബഡ്ജറ്റിൽ പ്രത്യേക തുകകൾ വകയിരുത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകകളിൽ നിന്നും അലോട്ട്മെന്റ് മുഖേന ലഭിച്ച തുകകളിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പദ്ധതികൾക്കായി ഡിവിഷൻ തലത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും അറിയിക്കുമോ? | (സി) 1) സോളാർ പവർ ഫെൻസ് പ്രവൃത്തിയിൽ കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലായി 18.2 കി.മീറ്റർ പ്രവൃത്തി പൂർത്തീകരിക്കാനുള്ളതാണ്. ആയതിന് 32.70 ലക്ഷം രൂപ വകയിരുത്തിയ്ട്ടുണ്ട്. ടി പ്രവൃത്തി 31.03.2016 ന് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>2) NABARD – RIDF XX പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 2 ഫോറസ്റ്റ് സ്റ്റേഷനുകൾ പൂർത്തീകരിക്കാനുണ്ട്.<br>i) മേപ്പാടി റെയിഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ<br>ii) മേപ്പാടി റെയിഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ |

ടി പദ്ധതിക്ക് 1.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 1 കോടിയോളം രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. 31.03.2016 ന് ചെലവ് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന പ്രവൃത്തി, പദ്ധതി അംഗീകാരം ലഭിച്ചത് പ്രകാരം, 2016-17 ൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ.

## അനുബന്ധം 1

**കാലയളവ് 2011-12**

1) മേപ്പാടി റെയിഞ്ച് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം (പഴയത്).
2) മേപ്പാടിക്കുന്ന്, കോട്ടപ്പടി ക്യാമ്പ്ഷെഡുകളുടെ നിർമ്മിച്ചു.
3) വൈത്തിരി തളിമല ടൈപ്പ് 1 ക്വാർട്ടേഴ്സ് നിർമ്മാണം.
4) മേപ്പാടി റെയിഞ്ചിലെ റാട്ടക്കൊല്ലി, ചൂരൽമല ക്യാമ്പ് ഷെഡ് നിർമ്മാണം.
5) ഗവൺമെന്റ് എൽ.പി സ്കൂൾ അമ്പയിലേക്ക് ഫർണ്ണിച്ചർ അനുവദിച്ചത്.
6) സൂചിപ്പാറ ഇക്കോടൂറിസം സൈറ്റിലെ ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം (1 എണ്ണം).

**കാലയളവ് 2012-13**

1) മേപ്പാടി റെയിഞ്ച് ഓഫീസ് പുതിയ കെട്ടിട നിർമ്മാണം.
2) കൽപ്പറ്റ ഡിവിഷൻ ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം.
3) സുഗന്ധഗിരി സെക്ഷൻ ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം.
4) മേപ്പാടി റെയിഞ്ചിൽ ചൂരൽമല ക്യാമ്പ്ഷെഡ് നിർമ്മാണം.
5) മേപ്പാടി റെയിഞ്ചിലെ തളിമല, നസ്റാണിക്കാട് എന്നിവിടങ്ങളിലെ ടൈപ്പ് 1 ക്വാർട്ടേഴ്സ് നിർമ്മാണം.
6) കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരിയിൽ ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സിന്റെ നവീകരണം.
7) മേപ്പാടി റെയിഞ്ചിൽ മേപ്പാടിക്കുന്ന് ക്യാമ്പ്ഷെഡിന്റെ നിർമ്മാണം.
8) മേപ്പാടി റെയിഞ്ചില കുറുമട്ടം, ഏലമല എന്നിവിഷങ്ങളിലെയും കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരിയിലേയും ചെക്ക്ഡാം നിർമ്മാണം (3 എണ്ണം).

**കാലയളവ് 2013-14**

1) മേപ്പാടി റെയിഞ്ചിലെ പഞ്ചമിക്കുന്ന് കോളനിക്ക് ചുറ്റുമതിൽ നിർമ്മാണം.
2) കൽപ്പറ്റ റെയിഞ്ച് സുഗന്ധഗിരി സെക്ഷനിലെ ആലത്തോട് - വെങ്കിട്ടക്കൊല്ലി ഭാഗത്ത് ചെക്ക്ഡാം നിർമ്മാണം.
3) കൽപ്പറ്റ റെയിഞ്ചിലെ ലക്കിടി ടൈപ്പ് 2 ക്വാർട്ടേഴ്സ് നവീകരിച്ച് കുരങ്ങുകളുടെ വന്ധ്യംകരണം നടത്തുന്നതിനുള്ള സെന്റർ സ്ഥാപിക്കൽ.
4) സൂചിപ്പാറ വെള്ളച്ചാട്ടത്തിലേക്കുള്ള കൈവരി നിർമ്മാണം (ഭാഗം-I).

**കാലയളവ് 2014-15**

1) മേപ്പാടി റെയിഞ്ചിലെ പുഞ്ചിരിമറ്റം കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റ് (25 മീ).
2) ബാണാസുരമല-മീൻമുട്ടി വെള്ളച്ചാട്ട ഭാഗത്ത് കൈവരി നിർമ്മാണം.
3) സൂചിപ്പാറ വെള്ളച്ചാട്ടത്തിലേക്കുള്ള കൈവരി നിർമ്മാണം (ഭാഗം-II).
4) മേപ്പാടി റെയിഞ്ചിലെ വില്ലേജ് കോളനി, വീട്ടിമറ്റം കോളനി, അരണമല, വട്ടകുണ്ട് ട്രൈബൽ കോളനികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ.
5) മേപ്പാടി ബഡേരി ഭാഗത്ത് ബാലൻതുണ്ട് കോളനിയിൽ വീട് നിർമ്മിച്ച് നൽകൽ.
6) കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരി കാർഡമം പ്രൊജക്ട് ഭാഗം, ഇടിയംവയൽ ആദിവാസി കോളനി, കാട്ടിയംവയൽ മംഗലംകുന്ന് കോളനി എന്നീ ഭാഗത്ത് സോളാർ വൈദ്യുത വിളക്ക് സ്ഥാപിക്കൽ (3 എണ്ണം).
7) ജനവാസ കേന്ദ്രങ്ങളിൽ ശല്ല്യം ഉണ്ടാക്കുന്ന കുരങ്ങന്മാരെ പിടികൂടി വനത്തിനകത്തേക്ക് മാറ്റുന്ന പദ്ധതി നടപ്പാക്കൽ.

കാലയളവ് 2015-16

1) ഈ ഡിവിഷന്റെ വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിന് വേണ്ടി NABARD RIDF XVII പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ പവർ ഫെൻസിങ്ങ് നിർമ്മാണത്തിനായി പദ്ധതി അംഗീകാരം ലഭിക്കുകയും ഈ പ്രവർത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽപ്പെട്ട മേപ്പാടി റെയിഞ്ചിൽ 23.4 കി.മീറ്ററും കൽപ്പറ്റ റെയിഞ്ചിൽ 14.3 കി.മീറ്ററും നടന്ന് വരുന്നുണ്ട്. ആയതിൽ മേപ്പാടി റെയിഞ്ചിലെ 6 കി.മീറ്ററും കൽപ്പറ്റ റെയിഞ്ചിൽ 8.3 കി.മീറ്ററും വൈദ്യുതി കമ്പിവേലി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ 31.03.2016 ന് മുൻപായി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.
2) 2015-16 സാമ്പത്തിക വർഷത്തിൽ NABARD RIDF XX പദ്ധതിയിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മേപ്പാടി റെയിഞ്ച് ഓഫീസ് പരിധിയിൽ 1.80 കോടി രൂപ മുടക്കി രണ്ട് മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി അംഗീകാരം ലഭിക്കുകയും ടി പ്രവർത്തി ഇ-ടെണ്ടർ നടത്തി കരാറുകാരന് നൽകിയിട്ടുള്ളതുമാണ്. ടി പ്രവർത്തി 40% പൂർത്തീകരിച്ചിട്ടുണ്ട്. 31.03.2016 ൽ 80% പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു.
3) കൽപ്പറ്റ റെയിഞ്ചിന് കീഴിലെ പൂക്കോട് തടാകത്തിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിന് മതിൽ നിർമ്മാണം (86 മീറ്റർ).
4) കുറിച്ച്യാർമല പോലീസ് വയർലസ് സ്റ്റേഷൻ റോഡിന്റെ സംരക്ഷ ഭിത്തി നിർമ്മാണം.
5) വാരാമ്പറ്റ വി.എസ്.എസിന്റെ ടിക്കറ്റ് കൗണ്ടർ നിർമ്മാണം.
6) വൈത്തിരി വേങ്ങക്കോട് ക്യാമ്പ്ഷെഡ് നിർമ്മാണം.
7) ലക്കിടിയിലെ നവീകരിച്ച കുരങ്ങുകളുടെ വന്ധ്യംകരണം നടത്തുന്നതിനുള്ള സെന്ററിന്റെ വൈദ്യുതീകരണം.
8) ചെമ്പ്ര പീക്കിലെ ടിക്കറ്റ് കൗണ്ടർ നിർമ്മാണം.

# അനുബന്ധം 2

**കാലയളവ് 2011-12**

1) മേപ്പാടി റെയിഞ്ച് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം.
   വകയിരുത്തിയ തുക- 3.24 ലക്ഷം; ചെലവഴിച്ച തുക- 3,24,195.
2) മേപ്പാടിക്കുന്ന്, കോട്ടപ്പടി ക്യാമ്പ്ഷെഡ് നിർമ്മാണം.
   വകയിരുത്തിയ തുക- 6.60 ലക്ഷം; ചെലവഴിച്ച തുക- 4,45,613.
3) വൈത്തിരി തളിമല ടൈപ്പ് 1 ക്വാർട്ടേഴ്സ് നിർമ്മാണം.
   വകയിരുത്തിയ തുക- 7.10 ലക്ഷം; ചെലവഴിച്ച തുക- 4,38,043.
4) മേപ്പാടി റെയിഞ്ചിലെ റാട്ടക്കൊല്ലി, ചൂരൽമല ക്യാമ്പ് ഷെഡ് നിർമ്മാണം.
   വകയിരുത്തിയ തുക- 15.30 ലക്ഷം; ചെലവഴിച്ച തുക- 8,44,903.
5) ഗവൺമെന്റ് എൽ.പി സ്കൂൾ അമ്പയിലേക്ക് ഫർണ്ണിച്ചർ അനുവദിക്കൽ.
   വകയിരുത്തിയ തുക- 0.20 ലക്ഷം; ചെലവഴിച്ച തുക- 19,900.
6) സൂചിപ്പാറ ഇക്കോടൂറിസം സൈറ്റിൽ ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം (1 എണ്ണം).
   വകയിരുത്തിയ തുക- 1.50 ലക്ഷം; ചെലവഴിച്ച തുക- 1,49,446.

**കാലയളവ് 2012-13**

1) മേപ്പാടി റെയിഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം.
   വകയിരുത്തിയ തുക- 26.00 ലക്ഷം; ചെലവഴിച്ച തുക- 10,48,209.
2) കൽപ്പറ്റ ഡിവിഷൻ ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം.
   വകയിരുത്തിയ തുക- 32 ലക്ഷം; ചെലവഴിച്ച തുക- 23,39,840.
3) സുഗന്ധഗിരി സെക്ഷൻ ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം.
   വകയിരുത്തിയ തുക- 10.80 ലക്ഷം; ചെലവഴിച്ച തുക- 3,11,259.
4) മേപ്പാടി റെയിഞ്ചിൽ ചൂരൽമല ക്യാമ്പ്ഷെഡ് നിർമ്മാണം.
   വകയിരുത്തിയ തുക- 2.70 ലക്ഷം; ചെലവഴിച്ച തുക- 2,83,849.
5) മേപ്പാടി റെയിഞ്ചിലെ തളിമല, നസ്റാണിക്കാട് എന്നിവിടങ്ങളിലെ ടൈപ്പ് 1 ക്വാർട്ടേഴ്സ് നിർമ്മാണം.
   വകയിരുത്തിയ തുക- 10.26 ലക്ഷം; ചെലവഴിച്ച തുക- 9,95,369.
6) കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരിയിൽ ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സിന്റെ നവീകരണം.
   വകയിരുത്തിയ തുക- 6.80 ലക്ഷം; ചെലവഴിച്ച തുക- 5,81,650.
7) മേപ്പാടി റെയിഞ്ചിൽ മേപ്പാടിക്കുന്ന് ക്യാമ്പ്ഷെഡിന്റെ നിർമ്മാണം.
   വകയിരുത്തിയ തുക- 3.50 ലക്ഷം; ചെലവഴിച്ച തുക- 3,46,392.
8) മേപ്പാടി റെയിഞ്ചില കുറുമട്ടം, ഏലമല, കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരി എന്നിവിടങ്ങളിൽ ചെക്ക്ഡാം നിർമ്മാണം (3 എണ്ണം).
   വകയിരുത്തിയ തുക- 13.75 ലക്ഷം; ചെലവഴിച്ച തുക- 11,15,605.

**കാലയളവ് 2013-14**

1) മേപ്പാടി റെയിഞ്ചിലെ പഞ്ചമിക്കുന്ന് കോളനിക്ക് ചുറ്റുമതിൽ നിർമ്മാണം.
   വകയിരുത്തിയ തുക- 1.28 ലക്ഷം; ചെലവഴിച്ച തുക- 1,27,998.
2) കൽപ്പറ്റ റെയിഞ്ച് സുഗന്ധഗിരി സെക്ഷനിലെ ആലത്തോട് - വെങ്കിട്ടക്കൊല്ലി ഭാഗത്ത് ചെക്ക്ഡാം നിർമ്മാണം.
   വകയിരുത്തിയ തുക-5.75 ലക്ഷം; ചെലവഴിച്ച തുക- 5,75,318.
3) കൽപ്പറ്റ റെയിഞ്ചിലെ ലക്കിടി ടൈപ്പ് 2 ക്വാർട്ടേഴ്സ് നവീകരിച്ച കുരങ്ങുകളുടെ വന്ധ്യംകരണം നടത്തുന്നതിനുള്ള സെന്റർ സ്ഥാപിക്കൽ.
   വകയിരുത്തിയ തുക- 8.30 ലക്ഷം; ചെലവഴിച്ച തുക- 8,29,530.
4) സൂചിപ്പാറ വെള്ളച്ചാട്ടത്തിലേക്കുള്ള കൈവരി നിർമ്മാണം (ഭാഗം-I)
   വകയിരുത്തിയ തുക- 6.05 ലക്ഷം; ചെലവഴിച്ച തുക- 4,97,853.

**കാലയളവ് 2014-15**

1) മേപ്പാടി റെയിഞ്ചിലെ പുഞ്ചിരിമറ്റം കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റ് (25 മീ).
   വകയിരുത്തിയ തുക- 0.70 ലക്ഷം; ചെലവഴിച്ച തുക- 63,512.
2) ബാണാസുരമല-മീൻമുട്ടി വെള്ളച്ചാട്ട ഭാഗത്ത് കൈവരി നിർമ്മാണം.
   വകയിരുത്തിയ തുക- 9.00 ലക്ഷം; ചെലവഴിച്ച തുക- 7,39,598.
3) സൂചിപ്പാറ വെള്ളച്ചാട്ടത്തിലേക്കുള്ള കൈവരി നിർമ്മാണം (ഭാഗം-II).
   വകയിരുത്തിയ തുക- 6.30 ലക്ഷം; ചെലവഴിച്ച തുക- 5,59,170.
4) മേപ്പാടി റെയിഞ്ചിലെ വില്ലേജ് കോളനി, വീട്ടിമറ്റം കോളനി, അരണമല, വട്ടകുണ്ട് ട്രൈബൽ കോളനികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ.
   വകയിരുത്തിയ തുക- 2.17 ലക്ഷം; ചെലവഴിച്ച തുക- 1,65,690.
5) മേപ്പാടി ബഡേരി ഭാഗത്ത് ബാലൻതുണ്ട് കോളനിയിൽ വീട് നിർമ്മിച്ച് നൽകി.
   വകയിരുത്തിയ തുക-1.17 ലക്ഷം; ചെലവഴിച്ച തുക-1,02,178.
6) കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരി കാർഡമൻ പ്രൊജക്ട് ഭാഗം, ഇടിയംവയൽ ആദിവാസി കോളനി, കാട്ടിയംവയൽ മംഗലംകുന്ന് കോളനി എന്നീ ഭാഗത്ത് സോളാർ വൈദ്യുത വിളക്ക് സ്ഥാപിച്ചു.
   കയിരുത്തിയ തുക- 3.12 ലക്ഷം; ചെലവഴിച്ച തുക- 2,99,400.
7) ജനവാസ കേന്ദ്രങ്ങളിൽ ശല്ല്യം ഉണ്ടാക്കുന്ന കുരങ്ങന്മാരെ പിടികൂടി വനത്തിനകത്തേക്ക് മാറ്റുന്ന പദ്ധതി.
   വകയിരുത്തിയ തുക- 4.88 ലക്ഷം; ചെലവഴിച്ച തുക- 4,88,000.

**കാലയളവ് 2015-16**

1) സോളാർ പവർ ഫെൻസ് പ്രവർത്തി.
   വകയിരുത്തിയ തുക- 67.81 ലക്ഷം; ചെലവഴിച്ച തുക- 17,72,367.
2) മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ നിർമ്മാണം.
   വകയിരുത്തിയ തുക- 1.80 കോടി; ചെലവഴിച്ച തുക- ടി പ്രവർത്തിയ്ക്ക് നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 36 ലക്ഷം രൂപയ്ക്കുള്ള മുൻകൂർ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
3) കൽപ്പറ്റ റെയിഞ്ചിന് കീഴിലെ പൂക്കോട് തടാകത്തിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിന് മതിൽ നിർമ്മാണം (86 മീറ്റർ).
   വകയിരുത്തിയ തുക -6.20 ലക്ഷം; ചെലവഴിച്ച തുക-6.66,609.
4) കുറിച്ച്യാർമല പോലീസ് വയർലസ് സ്റ്റേഷൻ റോഡിന്റെ സംരക്ഷ ഭിത്തി നിർമ്മാണം.
   വകയിരുത്തിയ തുക - 15.50 ലക്ഷം; ചെലവഴിച്ച തുക- 15,53,594.
5) വാരാമ്പറ്റ വി.എസ്.എസിന്റെ ടിക്കറ്റ് കൗണ്ടർ നിർമ്മാണം.
   വകയിരുത്തിയ തുക - 14.95 ലക്ഷം; ചെലവഴിച്ച തുക- 14,52,113.
6) വൈത്തിരി വേങ്ങക്കോട് ക്യാമ്പ്ഷെഡ് നിർമ്മാണം
   വകയിരുത്തിയ തുക - 4.50 ലക്ഷം; ചെലവഴിച്ച തുക- 4,25,700.
7) ലക്കിടി നവീകരിച്ച കുരങ്ങുകളുടെ വന്ധ്യംകരണം നടത്തുന്നതിനുള്ള സെന്ററിന്റെ വൈദ്യുതീകരണം
   വകയിരുത്തിയ തുക - 1.60 ലക്ഷം; ചെലവഴിച്ച തുക- 1,22,234.
8) ചെമ്പ്ര പീക്കിലെ ടിക്കറ്റ് കൗണ്ടർ നിർമ്മാണം
   വകയിരുത്തിയ തുക - 11.00 ലക്ഷം; ചെലവഴിച്ച തുക- 1,82,759.